# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1786

22.03.2012-ൽ മറുപടിയ്ക്ക്

**വിദ്യാർത്ഥികൾക്ക് നേരെ നടക്കുന്ന ആക്രമണങ്ങൾ**

ചോദ്യം

ശ്രീ.എൻ.എ.നെല്ലിക്കുന്ന്

ഉത്തരം

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) അന്യസംസ്ഥാനങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾ റാഗിംഗ് എന്ന പേരിൽ ക്രൂരമായ പീഡനങ്ങൾക്ക് വിധേയരാകുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) നടപ്പ് അദ്ധ്യയന വർഷത്തിൽ ഇത്തരത്തിൽ എത്ര വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽ ക്രൂരമായ പീഡനങ്ങൾക്ക് വിധേയരായിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. ലഭ്യമായ പരാതികളിന്മേൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മംഗലാപുരത്തു പഠനം നടത്തുന്ന വിദ്യാർത്ഥികൾ കാസർഗോഡിനും മംഗലാപുരത്തിനുമിടയിൽ തീവണ്ടികളിൽ ആക്രമണങ്ങൾക്ക് വിധേയരാകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മംഗലാപുരത്തു പഠനം നടത്തുന്ന വിദ്യാർത്ഥികൾ കാസർഗോഡിനും മംഗലാപുരത്തിനുമിടയിൽ തീവണ്ടികളിൽ ആക്രമണങ്ങൾക്ക് വിധേയരാകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ല.

എന്നാൽ മംഗലാപുരത്തു പഠനം നടത്തുന്ന വിദ്യാർത്ഥികളെ 24.01.2012-ൽ മാവേലി എക്സ്പ്രസ് ട്രെയിനിൽ യാത്ര ചെയ്തുവരവെ ട്രെയിൻ കാഞ്ഞങ്ങാട് റെയിൽവെ സ്റ്റേഷനിൽ നിർത്തിയ സമയം മംഗലാപുരത്തുതന്നെ പഠനം നടത്തുന്ന വിദ്യാർത്ഥികൾ ആക്രമണം നടത്തിയതിലേക്ക് കാസർഗോഡ് റെയിൽവെ പോലീസ് സ്റ്റേഷനിൽ ക്രൈം 3/2012 u/s 143, 147, 148, 149, 341, 323, 326 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ഡി) തീവണ്ടികളിൽ വിദ്യാർത്ഥികൾ നേരിടുന്ന അതിക്രമങ്ങൾ തടയാൻ എന്തു നടപടികളാണ് ഉദ്ദേശിക്കുന്നത് ?

(ഡി) ട്രെയിനിൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ നേരിടുന്ന അതിക്രമങ്ങൾ തടയുന്നതിലേക്കായി ട്രെയിനിൽ വനിതാ പോലീസുകാർ ഉൾപ്പെടെ കൂടുതൽ പോലീസുകാരെ പട്രോളിംഗിനായി നിയമിക്കുകയും സ്റ്റേഷനുകളിൽ കർശനമായ പരിശോധനകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ട്രെയിനിൽവച്ച് നടക്കുന്ന റാഗിംഗ് ഉൾപ്പെടെയുള്ള

എല്ലാ കുറ്റകൃത്യങ്ങൾക്കുമെതിരെ ഉടനടി നടപടികൾ സ്വീകരിക്കുന്നതിലേക്കായി 9846 200 100 എന്ന റെയിൽ അലർട്ട് നമ്പറിന്റെ സേവനം 24 മണിക്കൂറും ലഭ്യമാണ് എന്ന വിവരം അറിവിലേക്കായി ട്രെയിനുകൾക്കുള്ളിലും റെയിൽവേ സ്റ്റേഷനുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.